## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 9

06/01/2014-ൽ മുഖ്യമന്ത്രി മറുപടി നൽകേണ്ടത്

## ഭരണസംവിധാനങ്ങളുടെ പ്രവർത്തന രീതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>ഡോ. ടി. എം. തോമസ് ഐസക്:<br>ശ്രീ. കെ. രാധാകൃഷ്ണൻ:<br>ഡോ. കെ. ടി. ജലീൽ : | | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) | സംസ്ഥാനത്തെ വിവിധ തലങ്ങളിലുള്ള ഭരണസംവിധാനങ്ങളുടെ പ്രവർത്തന രീതി വിലയിരുത്തിയിട്ടുണ്ടോ; ഭരണസംവിധാനങ്ങളാകെ നിശ്ചല മായിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; ഇന്നത്തെ നിലയിൽ നിന്നും മാറ്റം വരുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; സിവിൽ സർവ്വീസ് ശക്തമാക്കുന്നതിന് നടത്തിയ ഏതെങ്കിലും ശ്രമങ്ങൾ പരാജയപ്പെട്ടുപോയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 1956-ൽ കേരളം രൂപീകൃതമായതിനുശേഷം, സംസ്ഥാനത്തെ വിവിധ തലങ്ങളിലുള്ള ഭരണസംവിധാനങ്ങളുടെ പ്രവർത്തന രീതി വിലയിരുത്തുന്നതിനായി മൂന്ന് ഭരണപരിഷ്കാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മൂന്നാമത്തേതും അവസാനത്തേതുമായ കമ്മറ്റി. 1997, മേയ് മാസം അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ.കെ. നായനാരുടെ അദ്ധ്യക്ഷതയിൽ രൂപീകൃതമായതാണ്. പ്രസ്തുത കമ്മിറ്റി മൂന്നു വാല്യങ്ങളിലായി 2000 ആഗസ്റ്റ്, 2001 മേയ് കാലഘട്ടങ്ങളിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഭരണസംവിധാനങ്ങളാകെ നിശ്ചലമായിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭരണസംവിധാനങ്ങളിൽ പോരായ്മകൾ ശ്രദ്ധയിൽപ്പെടുമ്പോൾ അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കാലകാലങ്ങളിൽ ഭരണപരിഷ്കാര കമ്മിറ്റികളെ |

| | | | |
|---|---|---|---|
| | | | നിയോഗിക്കാറുണ്ട്. പ്രസ്തുത കമ്മിറ്റികൾ സമർപ്പിക്കുന്ന ശുപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ അതിന്മേൽ അനന്തര നടപടികൾ സ്വീകരിച്ചു പോരുന്നു.<br>സിവിൽ സർവ്വീസ് ശക്തമാക്കുന്നതിന് വേണ്ടി നടത്തിയ ശ്രമങ്ങളൊന്നും തന്നെ പരാജയപ്പെട്ടിട്ടില്ല. സിവിൽ സർവ്വീസ് ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സിവിൽ സർവ്വീസ് കേഡറിൽ പുതിയ വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച പഠനത്തിനായി 24/9/13 -ലെ സ.ഉ.(സാധ)നം.7725/2013/പൊ.ഭ.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പഠനം പുരോഗമിച്ചു വരുന്നു. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം കുറേക്കൂടി വികേന്ദ്രീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; നൽകിയ അധികാരം വീണ്ടെടുക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വർദ്ധിച്ച പദ്ധതി വിഹിതം, പദ്ധതി രൂപീകരണം, നികുതി സംവിധാനം തുടങ്ങി പൊതുജനങ്ങളുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ ഓരോന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിലൂടെ ഈ സ്ഥാപനങ്ങളെ സ്വയം പ്രവർത്തിക്കാൻ സജ്ജമാക്കുക മാത്രമല്ല ശക്തമായ തദ്ദേശ സർക്കാറുകളാക്കി മാറ്റുവാനും കഴിഞ്ഞു എന്നത് അധികാര വികേന്ദ്രീകരണത്തിലൂടെ സാദ്ധ്യമായിട്ടുള്ള പ്രധാന നേട്ടമാണ്.<br>ഭരണഘടനാപരമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനവശേഷിക്കുന്ന ചുരുക്കം ചില അധികാരങ്ങളും നിയമാനുസൃതം കൈമാറുന്ന |

| | | | |
|---|---|---|---|
| | | | കാര്യം പരിശോധിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരങ്ങൾ വീണ്ടെടുക്കുന്നതിനുള്ള നടപടികളൊന്നും തന്നെ സർക്കാർ സ്വീകരിക്കുന്നില്ല. |
| (സി) | വില്ലേജ് ഓഫീസർ മുതൽ വകുപ്പു മന്ത്രിവരെയുള്ള ഏതെങ്കിലും തലങ്ങളിൽ ഏതെങ്കിലും അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; മുഖ്യമന്ത്രിയുടെ ഏതെല്ലാം അധികാരങ്ങൾ വികേന്ദ്രീകരിക്കാനുദ്ദേശിക്കുന്നു; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1.3.2013-ലെ സ.ഉ.(പി.) നമ്പർ 110/13/ധന. പ്രകാരം, ഭരണ വകുപ്പുകളുടേയും വകുപ്പ് തലവന്മാരുടേയും സാമ്പത്തിക അധികാരങ്ങൾ വർദ്ധിപ്പിച്ച് ഡെലിഗേറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. |
| (ഡി) | കേന്ദ്രീകരിക്കപ്പെട്ട അധികാരം ജനസമ്പർക്കത്തിന്റെയും മറ്റും പേരിൽ അവശരേയും ആലംബഹീനരേയും വിളിച്ചു വരുത്തി വിനിയോഗി ക്കുന്നതിന് പകരം ഭരണനിർവ്വഹണ സംവിധാനങ്ങളെ കാര്യക്ഷമമാക്കി വിനിയോഗിക്കാൻ തയ്യാറാകുമോ ; | (ഡി) | ജനസമ്പർക്ക പരിപാടിയിലൂടെ ഭരണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനങ്ങളുടെ പ്രത്യേകിച്ച്, അവശജനവിഭാഗങ്ങളുടെ പരാതികളും പ്രശ്നങ്ങളും നേരിട്ട് കേട്ട് അവയ്ക്ക് സത്വര പരിഹാരം കാണുവാനുമാണ് ശ്രമിക്കുന്നത്. |

S. [signature]

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**